**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2615** **24-06-2024 - ൽ മറുപടിയ്ക്ക്**

**പന്തീരങ്കാവിൽ സബ്സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ പന്തീരങ്കാവിൽ 110 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനായി എത്ര ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്നും ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ പന്തീരങ്കാവിൽ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിന് 22.9.2017-ൽ 16.9 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി കോഴിക്കോട് താലൂക്കിൽ ഒളവണ്ണ വില്ലേജിൽ 0.5807 ഹെക്ടർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഈ ഭൂമി LARR ACT 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ഗവണ്മെന്റ് ഉത്തരവ് 10.5.2022-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ രേഖകൾ കോഴിക്കോട് ജില്ലാ കളക്ടർക്ക് 8.9.2022 ന കെ.എസ്.ഇ.ബി.എൽ. നൽകിയതിന്റെ ന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് സ്പെഷ്യൽ തഹസിൽദാർ (LA) നടപടിക്രമങ്ങൾ പൂർത്തീകരിച്ചു വരുന്നു |
| (ബി) | റവന്യൂ വകുപ്പ് ഭൂമിയുടെ വില നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ സ്ഥലം ഏറ്റെടുക്കാനുള്ള തുക റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ഉണ്ട്. 21.05.2024-ൽ സ്പെഷ്യൽ തഹസിൽദാർ (LA) യുടെ കത്ത് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് നഷ്ടപരിഹാര തുകയായ 1,84,27,100/- രൂപ ഗവൺമെന്റിലേക്ക് ഒടുക്കേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്. അത് പ്രകാരം തുക സർക്കാരിലേക്ക് അടയ്ക്കുന്ന മുറയ്ക്ക് LARR Act Section 19 (1) പ്രകാരമുള്ള പ്രഖ്യാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി അവാർഡ് എൻക്വയറി നടത്തിയതിന് ശേഷം സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ